പതിമൂന്നാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 466 20.10.2011 ൽ മറുപടിക്ക്

**ഫ്ളാറ്റുകൾക്കു ന്യായവില**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.ഉബൈദുള്ള<br>ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി | ശ്രീ.ടി.എം.ജേക്കബ്<br>(ഭക്ഷ്യവും സിവിൽസപ്ലൈസും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് ഫ്ളാറ്റുകൾക്ക് ന്യായവില നിശ്ചയിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; | (എ) ഉണ്ട്. |
| (ബി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ; | (ബി) 05.9.2011 – ൽ നടന്ന രജിസ്ട്രേഷൻ വകുപ്പിലെ ഉദ്യോഗസ്ഥതല യോഗത്തിൽ, ഫ്ളാറ്റുകൾക്ക് ന്യായവില ഏർപ്പെടുത്തുന്ന കാര്യം ചർച്ച ചെയ്യുകയും, തുടർന്ന് ഫ്ളാറ്റുകൾക്ക് ന്യായവില നിശ്ചയിക്കുന്നതു സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ ഒരു കമ്മിറ്റിയെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. |
| (സി) ഫ്ളാറ്റ് നിർമ്മാണത്തിന് ഭൂവുടമയുമായുള്ള ഉടമ്പടി രജിസ്റ്റർ ചെയ്യണമെന്ന് വ്യവസ്ഥ ചെയ്യുന്ന കാര്യം പരിഗണിക്കുമോ; | (സി) ഇക്കാര്യം ഇപ്പോൾ പരിഗണനയിലില്ല. |
| (ഡി) വൻകിട ഭൂമി ഇടപാടുകളിലെ രജിസ്ട്രേഷൻ തട്ടിപ്പും ഭൂമി വില കുറച്ചു കാട്ടുന്നതും തടയാൻ കർശന നടപടികൾ സ്വീകരിക്കുമോ? | (ഡി) വൻകിട ഭൂമി ഇടപാടുകളിലെ രജിസ്ട്രേഷൻ തട്ടിപ്പും ഭൂമി വില കുറച്ചു കാട്ടുന്നതും തടയുന്നതിനുള്ള നടപടികൾ ഇപ്പോൾ തന്നെ സ്വീകരിച്ചു വരുന്നുണ്ട്. |

Reena

സെക്ഷൻഓഫീസർ